കേരള സർക്കാർ

# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുതുതല ഗ്രാമപഞ്ചായത്ത്

# 2016-17 വർഷത്തെ

# ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

email-dopkd.ksad@kerala.gov.in

(രജിസ്റ്റേർഡ് ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-പികെഡി13/1421/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം

പാലക്കാട്, തീയതി-11.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുതല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുതുതല ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുതല ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു..

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ-പികെഡി13/1421/17 തിയ്യതി : 11.09.2017

## പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-10-2016 മുതൽ 2-7-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ- ശ്രീ.സുനിൽദാസ്

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 3-7-17-2017 മുതൽ 10-07-2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.ബി.സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് :

| പേര് | കാലയളവ് |
|---|---|
| ശ്രീ.സി.എം.നീലകണ്ഠൻ | 1-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.റെനി സൈമൺ | 1-4-16 മുതൽ 9-11-16വരെ |
| ശ്രീ.സി.പി.സുരേഷ് കുമാർ (അസി.സെക്രട്ടറി -ഇൻ-ചാർജ്) | 10-11-16 മുതൽ 20-11-16 വരെ |
| ശ്രീ.കെ.എ.അബൂബക്കർ | 21-11-16മുതൽ 31-3-17വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.സജീവ്.കെ.കെ | 1-4-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീ.രാഹുൽ കൃഷ്ണൻ | 1-4-16 മുതൽ 31-3-17 വരെ |
| ICDS സൂപ്പർവൈസർ | ശ്രീ.കെ.രാധ | 1-4-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ. | ശ്രീമതി.എം.എം.ഗീത | 1-4-16 മുതൽ 31-3-17 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.വി.സി.ഗീത | 1-4-16 മുതൽ 13-10-16 വരെ |
| | ഡോ.ശാലിനി.കെ | 14-10-16 മുതൽ 18-1-17വരെ |
| | ഡോ.ആർ രഞ്ജിത്ത് | 19-1-17 മുതൽ 31-3-17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പ്രീത. എം. | 1-4-16 മുതൽ 31-3-17 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷൈജു.പി | 1-4-16 മുതൽ 31-3-17 വരെ |
| ഹൈഡ് മാസ്റ്റർ | ശ്രീമതി.കെ.രമണി | 1-4-16 മുതൽ 31-3-17 വരെ |
| അസി.സെക്രട്ടറി | ശ്രീ.സി.പി.സുരേഷ് കുമാർ | 1-4-16 മുതൽ 31-3-17 വരെ |

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2016-2017 വർഷത്തെ ബജറ്റ് 1 /4.2.16 തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-3-2017 | 24-6-2017 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 26-6-2017 | അനുബന്ധം 1 ആയിച്ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2016-17 | 6816547 | 34809347 | 41625894 | 29931726 | 116944168 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവു ശതമാനം | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7625474 | 7625474 | 5392821 | 2232653 | 70.72 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9409182 | 9409182 | 5424378 | 3984804 | 57.65 | 0 |
| സംരക്ഷണ ഗ്രാന്റ് ( റോഡ്) | 0 | 6447450 | 6447450 | nil | 6447450 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് | 0 | 2554755 | 2554755 | 1993997 | 560758 | 78.05 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| (നോൺ റോഡ്) | | | | | | | |
| KLSGDP | 0 | 3780834 | 3780834 | 41332 | 3739502 | 1.09 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ | 0 | 4275974 | 4275974 | 2003264 | 2272710 | 46.85 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3618492 | 7211568 | 10830060 | 7206211 | 0 | | 3623849 |
| MGNREGS | 260 | 17637463* | 17637723 | 17635478 | 0 | | 2245 |
| ബി ഫണ്ട് | 0 | 110280 | 110280 | 110280 | 0 | | 0 |

*** 16651528 രൂപ EFMS വഴി ലഭ്യമായതാണ്.**

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 191 | 44435622 | 43 | 17198119 | 18 | 130 | 22.5 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഒന്നുമില്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 4814198 | 6198530 | 1384332 |
| നികുതിയേതര വരവുകൾ | 535710 | 610862 | 75152 |
| ആകെ | 5349908 | 6809392 | 1459484 |

## 1-8 ക്ഷേമപദ്ധതികൾ

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസി ച്ചവ | കാല താമസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5 | 5 | 0 | - |
| 2 | തൊഴിൽ രഹിത വേതനം | 14 | 8 | 2 | 4 അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് അയച്ചിട്ടുണ്ട് |
| 3 | വിധവാ പെൻഷൻ | 83 | 82 | 1 | - |
| 4 | വികലാംഗ പെൻഷൻ | 19 | 19 | 0 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10 | 9 | 1 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 370 | 362 | 8 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-7-2017ന് സ്ഥാപന തലവന്റെ/ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14575/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. വിവിധ വർഷ ങ്ങളിലെ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽകൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത് ശ്ലാഘനീയമാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഭാഗമായി സോഷ്യൽ മോണിറ്ററിംങ് കമ്മിററി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## 1-11 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം

നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ തൻവർഷം 2096/- രൂപ (സർവ്വീസ് സഹകരണ ബാങ്ക്, മുതുതല ac/- no.10310001030) വരവുണ്ട്. ആകെ 43508 രൂപ വരവുണ്ട്. തൻവർഷം ഈ ഇനത്തിൽ ചെലവില്ല.

## 1-12 കുടിവെള്ള പദ്ധതികളുടെ പരിപാലനം

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏല്പിച്ചിട്ടുണ്ട്.

## 1-13 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19.6.17 മുതൽ 20.6.17 വരെ | 5/2017 | nil | -- |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.4.06 മുതൽ 06.05.06 വരെ | 1997-98 മുതൽ 2005-06 വരെ | 7.6.2006 | ഇല്ല |

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച്

2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തു പരിധിയിൽ പ്രവർത്തിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എസ്.ബി.ഐ, മുതുതല | I & II |
| 2 | മംഗൽ പാലസ് ഓഡിറ്റോറിയം | I & II |
| 3 | സിതാര ഓഡിറ്റോറിയം | I & II |
| 4 | ബാബൂസ് ഓഡിറ്റോറിയം | I & II |
| 5 | കെ.എം.കെ ഓഡിറ്റോറിയം | I & II |
| 6 | വി-4 കോർപറേഷൻ | I & II |

| | | |
|---|---|---|
| 7 | ഡിസൈൻ ബിൽഡേഴ്സ് | I & II |
| 8 | നിള കൺസ്ട്രക്ഷൻസ് | I & II |

2015-16 വർഷത്തെ കുടിശ്ശികയും 2016-17-ലെ നികുതി തുകയും അടവാക്കിയിട്ടുണ്ടെങ്കിൽ തെളിവു സഹിതം വിശദാംശങ്ങൾ ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി നിയമാനുസൃതം നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം നമ്പർ 9/ 10-7-17 കാണുക)

## 2-2 മൊബൈൽ ടവറുകളുടെ ഉടമസ്ഥരിൽ നിന്ന് വസ്തുനികുതി ഈടാക്കാത്തതുമൂലം വൻ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കൃത്യമായ വിവരം സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽ നിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ പ്രകാരം ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് ചതുരശ്ര മീറ്ററിന് 400 മുതൽ 500 രൂപ വരെ വസ്തുനികുതി ചുമത്താവുന്നതാണ്.

സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 25000 രൂപയാണ്.

മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുകൾ നിശ്ചിത ഫീ ഈടാക്കി ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-3 ന്യൂക്ലിയസ് ആർട്ട്സ് ആന്റ് സയൻസ് കോളേജ്- വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

മുതുതല ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വരവിനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ന്യൂക്ലിയസ് കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസ് എന്ന സ്ഥാപനത്തിന് കെട്ടിട നിർമാണാനുമതി നൽകിയ രേഖകൾ പരിശോധിച്ചതിൽ താഴത്തെ നിലയുടെ പണി പൂർത്തീകരിച്ചതായും, കെട്ടിട നമ്പർ അനുവദിക്കാൻ സ്ഥാപനാധികൃതർ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചതായും കാണുന്നു. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ താഴത്തെ നിലയുടെ വിസ്തീർണ്ണം 1284.96 ച.മീറ്ററാണെന്ന് രേഖപ്പെടുത്തിയതായി കാണുന്നു. (പെർമിറ്റ് നമ്പർ A4 5838/15-16 തീ. 10.2.16) ഇത് പ്രകാരം നിർമാണാനുമതി നൽകുകയും, പണി പൂർത്തീകരിച്ചതിനു ശേഷം, 14/230B എന്ന നമ്പർ കെട്ടിടത്തിന് നൽകിയതായും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ 10.7.17 തീയ്യതി സെക്രട്ടറിയുടെയും, സാങ്കേതികോദ്യോഗസ്ഥന്റേയും സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ, പണി പൂർത്തീകരിച്ച താഴത്തെ നിലയുടെ വിസ്തീർണ്ണം 1284.96 ച.മീറ്ററിലും കൂടുതലുണ്ടെന്നും മുകൾനിലകളുടെ നിർമാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നതായും ഓഡിറ്റ് ടീമിന് നേരിൽ കണ്ടപ്പോൾ ബോധ്യമായി.

ആയതിനാൽ പൂർത്തീകരിച്ച താഴെ നിലയുടെ യഥാർത്ഥ വിസ്തീർണ്ണം പുനർ നിർണ്ണയിക്കുകയും, യഥാർത്ഥ അളവുകളുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമാണച്ചട്ടം അനുശാസിക്കുംവിധം അധിക പെർമിറ്റ് ഫീസും കെട്ടിടനികുതിയും, ക്രമവൽക്കരണം ആവശ്യമെങ്കിൽ ആയതിന്റെ ഫീസും, അനധികൃത നിർണാണമുണ്ടെങ്കിൽ ആയതിന് ചട്ടപ്രകാരം നിശ്ചയിക്കപ്പെട്ട പിഴയും ഈടാക്കേണ്ടതുണ്ട്. എന്നാൽ, സ്ഥാപനം സമർപ്പിച്ച 1284.96 ച.മീ. രേഖപ്പെടുത്തിയ പ്ലാനിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമാണാനുമതി നൽകുകയും അതനുസരിച്ച് നികുതി നിർണ്ണയിച്ച് ഈടാക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നം.12/10-7-2017) ത്തിനുള്ള മറുപടിയിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിന് എഞ്ചിനീയറിംങ് സെക്ഷനെ ചുമതലപ്പെടുത്തിയതായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 അസി.എഞ്ചിനീയറുടെ ഓഫീസ് മരാമത്ത് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുന്നത് ക്രമവിരുദ്ധം

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 117 മരാമത്ത് പ്രവൃത്തികളിൽ ഒന്നുപോലും തൻവർഷം ട്രഷറിയിൽനിന്നും മാറ്റിയെടുത്തിട്ടില്ല.

ട്രഷറി ബിൽ ബുക്ക് പരിശോധിച്ചപ്പോൾ എല്ലാ ബില്ലുകളും സമർപ്പിച്ചിട്ടുള്ളത് 31.3.2017 നാണ് എന്നാണ് കാണാൻ കഴിയുന്നത്.

മിക്കവാറും പ്രവൃത്തികൾക്കെല്ലാം തന്നെ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായിട്ടുണ്ട്. പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതിനു പുറമെ സമയബന്ധിതമായി ചെക്ക് മെഷർമെന്റ് എടുത്ത് ബില്ലുകൾ സമർപ്പിക്കുന്നതിൽ വന്ന കാലതാമസമാണ് ഇത്തരമൊരവസ്ഥ സൃഷ്ടിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്പിൽ ഓവർ പ്രവൃത്തികൾ ചെക്ക് മെഷർമെന്റ് നടത്തി ഓഡിറ്റ് തിയ്യതിയിൽ പോലും സമർപ്പിച്ചിട്ടില്ലെന്നാണ് അറിയിച്ചത്. പദ്ധതി പ്രവൃത്തികളുമായി ബന്ധപ്പെട്ടുള്ള ബില്ലുകൾ വർഷാന്ത്യത്തിൽ ഒന്നിച്ച് സമർപ്പിക്കരുതെന്ന സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (3/4-7-2017)ാ നിർവ്വഹണോദ്യോഗസ്ഥൻ യാതൊരു മറുപടിയും നൽകുകയുണ്ടായില്ല

## 3-2 വയോജനങ്ങൾക്ക് കട്ടിൽ- ( എസ്.സി) ഐ.സി.ഡി.എസ്.സൂപ്പർവൈസർ- നടപ്പിലാക്കിയ പദ്ധതി- രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താക്കൾക്കു വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

പ്രൊജ.നം. 251/17 വയോജനങ്ങൾക്ക് കട്ടിൽ , എസ്.സി.പി.)

അടങ്കൽ – 412000 രൂപ ( 411704/- രൂപ -വികസന ഫണ്ട് + 296 തനത് ഫണ്ട്)

ചെലവ് – 409360 രൂപ ( ബിൽ നം. 09/17 തീ. 1.4.17)

മേൽ പറഞ്ഞ പ്രൊജക്ട് പ്രകാരം 119 ഗുഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനു വേണ്ടി ലഭിച്ച 3 ടെൻഡറുകളിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത രാജധാനി എന്റർപ്രൈസസ്, ചെർപ്പുളശ്ശേരി എന്ന് സ്ഥാപനത്തിൽ നിന്നും കട്ടിലൊന്നിന് 3276രൂപ പ്രകാരം 119 കട്ടിൽ നികുതിയടക്കം 409360 രൂപ നൽകി വാങ്ങിയിട്ടുണ്ട്. ( ഇൻവോയ്സ് നം 535/19.3.2017)

അക്വിറ്റൻസ് പ്രകാരം കട്ടിൽ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളുംഹാജരാക്കാത്തതിനാൽ ടി ഗുണഭോക്താക്കളുടെ ധനസഹായത്തിനുള്ള അർഹത ഉറപ്പു വരുത്താനായിട്ടില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് നമ്പർ | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | കോച്ചി,പുല്ലാനിക്കാട്ടിൽ, മുതുതല | 1 | (1)വ്യക്തിഗത അപേക്ഷ<br>(2)ജാതി തെളിയിക്കുന്ന സാക്ഷ്യ പത്രം<br>(3)വയസ്സ് തെളിയിക്കുന്ന സാക്ഷ്യപത്രം |
| 2 | ചക്കി,കൂളോത്തൊടി പള്ളിയാലിൽ, മുതുതല | 1 | |
| 3 | കോച്ചി. കെ.ടി, കുറവരുതൊടി, മുതുതല | 1 | |
| 4 | മുണ്ടി, തിരുത്തിപ്പറമ്പിൽ, മുതുതല | 1 | |
| 5 | നീലി,കുഞ്ഞൻ,പൊന്നത്തുകുവിപ്പറമ്പിൽ, മുതുതല | 1 | |
| 6 | കാളി കെ.ടി., കുഞ്ചൻതൊടി, മുതുതല | 1 | |
| 7 | ചക്കി,തോന്നക്കാട്ടുപള്ളിയാലിൽ,മുതുതല | 1 | |
| 8 | ചക്കി, ചാമി, കുറവരുതൊടി, മുതുതല | 1 | |
| 9 | കാളി , കിഴക്കേതൊടി, മുതുതല | 1 | |
| 10 | ചാമി, നല്ലമ്മാരിൽ, മുതുതല | 6 | |
| 11 | കാവേരി, താന്നിക്കര, മുതുതല | 1 | |
| 12 | ചെറിച്ചി, പള്ള്യാൽതൊടി | 2 | |
| 13 | കോച്ചി, പൊന്നത്തൊടി, മുതുതല | 3 | |
| 14 | പാറു, തണ്ണിക്കൊടുങ്ങിൽ, മുതുതല | 8 | |
| 15 | ജാനകി, കറപ്പൻപറമ്പിൽ, മുതുതല | 10 | |
| 16 | കരിയൻ, മണിമ്മേൽതൊടി, | 12 | |
| 17 | കാളി, കറപ്പൻ, പുല്ലാനിക്കാട്ടിൽ, മുതുതല | 5 | |
| 18 | കോച്ചി, തണ്ണിക്കൊടുങ്ങിൽ, മുതുതല | 8 | |
| 19 | മുണ്ടി, ചാമി, ആലിക്കപ്പറമ്പിൽ,മുതുതല | 10 | |
| 20 | ചക്കി, കരിയൻ കുറവരുതൊടി, മുതുതല | 12 | |
| 21 | കുഞ്ഞാടിച്ചി, ശ്രീധരമാരത്ത് പടി, മുതുതല | 3 | |
| 22 | കാളി, നായാടി, കാലമ്പറ്റപറമ്പിൽ, മുതുതല | 5 | |
| 23 | കല്യാണി, അക്കരപ്പറമ്പിൽ, മുതുതല. | 6 | |
| 24 | അനന്തൻ, പട്ടിപ്പറമ്പ്, മുതുതല | 7 | |
| 25 | മാടമ്പി, കുന്നത്തൊടി, മുതുതല | 10 | |
| 26 | നീലി, ചീനിയാണ്ടുപറമ്പിൽ, മുതുതല | 11 | |
| 27 | കുറുമ്പ, ചാത്തു, കുെരവരുതൊടി, മുതുതല | 12 | |
| 28 | പൂങ്ങ, കാലമ്പറ്റപ്പറമ്പിൽ, മുതുതല | 5 | |
| 29 | ചാത്ത, അയ്യപ്പൻ, മഞ്ചിലപ്പറമ്പിൽ, മുതുതല | 6 | |
| 30 | കോച്ചി, പട്ടിപ്പറമ്പിൽ, മുതുതല | 7 | |
| 31 | കാളി, വേലായുധൻ, അരിത്തൊടി, മുതുതല | 10 | |
| 32 | കുറുമ്പ, ചാത്തപ്പൻ, കുറവരുതൊടി, മുതുതല | 12 | |
| 33 | ചക്കി, കുഞ്ഞൻ, കാലമ്പറ്റപ്പറമ്പിൽ, മുതുതല | 5 | |
| 34 | ശങ്കരൻ, വലിയവീട്ടുപറമ്പിൽ, മുതുതല | 11 | |
| 35 | അയ്യപ്പൻ, കുറവരുതൊടി, മുതുതല | 12 | |

| | | | |
|---|---|---|---|
| 36 | ചക്കി, കണക്കറായി, കൈപ്പറമ്പിൽ, മുതുതല | 15 | ജാതി സർട്ടിഫിക്കറ്റ് |
| 37 | തങ്കമ്മ, കിഴക്കേക്കരത്തൊടി, മുതുതല | 6 | ഹാജരാക്കിയ സർട്ടിഫിക്കറ്റ് പ്രകാരം , ഗുണഭോക്താവിന് 60 വയസ്സ് തികഞ്ഞിട്ടില്ല |
| 38 | ശ്രീമതി, ടി, താന്നിക്കര | | (1)വ്യക്തിഗത അപേക്ഷ<br>(2)ജാതി തെളിയിക്കുന്ന<br>സാക്ഷ്യ പത്രം<br>(3)വയസ്സ് തെളിയിക്കുന്ന<br>സാക്ഷ്യപത്രം |
| 39 | ചക്കി, അക്കരപ്പറമ്പിൽ, മുതുതല | 6 | |
| 40 | നീലി, ചങ്ങൻ, കുന്നത്തൊടി, മുതുതല | 10 | |
| 41 | കോരൻ, ടി.പി., തടത്തിൽപ്പടി, മുതുതല | 12 | |
| 42 | ചക്കി, പര്യാണി, കാലംപറ്റപ്പറമ്പിൽ, മുതുതല | 5 | |
| 43 | നീലി, കുറുപ്പൻമാരിൽ, മുതുതല | 6 | |
| 44 | തെയ്യൻ, ചീതപ്പുറം, മുതുതല | 10 | |
| 45 | ചക്കി, ടി.പി., തടത്തിൽപ്പടി, മുതുതല | 12 | |
| 46 | കാളി, മണ്ണേൽതൊടി, മുതുതല | 6 | |
| 47 | വേലായുധൻ, നമ്പ്രത്തുതോട്ടത്തിൽ, മുതുതല | 12 | |
| 48 | കണക്കറായി, കാരക്കുന്നിന്മേൽ, മുതുതല | 15 | |
| 49 | കല്യാണി, അയ്യപ്പൻ, കാലമ്പറ്റപ്പറമ്പിൽ, മുതുതല | 5 | ജാതി സർട്ടിഫിക്കറ്റില്ല |
| 50 | കാളി, ചോലക്കപ്പറമ്പിൽ, മുതുതല | 6 | (1)വ്യക്തിഗത അപേക്ഷ<br>(2)ജാതി തെളിയിക്കുന്ന<br>സാക്ഷ്യ പത്രം<br>(3)വയസ്സ് തെളിയിക്കുന്ന<br>സാക്ഷ്യപത്രം |
| 51 | പത്മനാഭൻ ടി.പി., താന്നിക്കര | 12 | |

ഗുണഭോക്താക്കളുടെ അപേക്ഷകളും അർഹത തെളിയിക്കുന്ന രേഖകളും ആവശ്യപ്പെട്ടുകൊണ്ട് 10.7.17 ന് നൽകിയ 10-ാം നമ്പർ ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ കോളം 4-ൽ രേഖപ്പെടുത്തിയ രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ടി രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ചെലവഴിച്ച 175440 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 കൃഷി ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകൾ- രേഖകൾ ഹാജരാക്കിയില്ല- 743600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

മുതുതല ഗ്രാമ പഞ്ചായത്ത് കൃഷി ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകൾ- രേഖകൾ ഹാജരാക്കിയില്ല- 743600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമനം | പ്രൊജക്ട് നമ്പറും പേരും | അടങ്കൽ തുക | ചെലവ്, | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ബിൽ നം. തീയ്യതി | |
| 1 | 5/17<br>പച്ചക്കറി കൃഷി കൃഷി<br>ടെറസ്സിലും (ഗ്രോബാഗ് വിതരണം) വനിത | 43300<br>(ഗുണഭോക്തൃ വിഹിതം -സ്ഥാപനത്തിൽ അടവാക്കിയതുക) | 43300 | പണം പിരിച്ച രശീതികൾ, പഞ്ചായത്തിലൊടുക്കിയതിന്റെ രേഖകൾ, തുക ചെലവഴിച്ചതിന്റെ രേഖകൾ |
| 2 | 6/17<br>പച്ചക്കറി കൃഷി കൃഷി<br>ടെറസ്സിലും (ഗ്രോബാഗ് വിതരണം) വനിത | 15000<br>( ഗുണഭോക്തൃ വിഹിതം - സ്ഥാപനത്തിൽ അടവാക്കിയ തുക) ) | 3000 | ടി |
| 3 | 60/17<br>നെൽകൃഷിക്ക് ജൈവവള വിതരണം | 202500 | 202500<br>(ബിൽ നം.<br>01/17 തീ.<br>19.11.16 | (1)പ്രൊജക്റ്റ്<br>(2)പാടശേഖര സമിതികൾക്ക് തുക കൈമാറിയതിന്റെ രേഖകൾ<br>(3)വ്യക്തിഗത കർഷകരുടെ ഭൂവുടമസ്ഥതയുൾപ്പെടെ, ധനസഹായത്തിന് അർഹത തെളിയിക്കുന്ന രേഖകൾ<br>(4)വ്യക്തിഗത കർഷകർക്ക് വളം വിതരണം ചെയ്തതിന്റെ രേഖകൾ<br>(5)മോണിറ്ററിംഗ് റിപ്പോർട്ട് |
| 4 | 101/17 -നെൽകൃഷി വിത്ത്- വിത്ത് വിതരണം | 48000 | 478800<br>(ബിൽ നം. 3/16-17<br>തീ.20.3.17 | (1)പ്രൊജക്റ്റ്<br>(2) പാടശേഖര സമിതികൾക്ക് തുക കൈമാറിയതിന്റെ രേഖകൾ<br>(3) വ്യക്തിഗത കർഷകരുടെ, ഭൂവുടമസ്ഥതയുൾപ്പെടെ, ധനസഹായത്തിന് അർഹത തെളിയിക്കുന്ന രേഖകൾ<br>(4)വ്യക്തിഗത കർഷകർക്ക് വളം വിതരണം ചെയ്തതിന്റെ രേഖകൾ<br>(5)മോണിറ്ററിംഗ് റിപ്പോർട്ട് |
| 5 | 102/17 ജൈവ പച്ചക്കറി കൃഷി | 100000 | 16000<br>( ബിൽ നം 4/16-17 | (1)പ്രൊജക്റ്റ്<br>(2)വ്യക്തികൾക്ക് തുക കൈമാറിയതിന്റെ രേഖകൾ |

| | | | | |
|---|---|---|---|---|
| | | | തീ.20.3.17 | (3)വ്യക്തിഗത കർഷകരുടെ, ധനസഹായത്തിന് അർഹത തെളിയിക്കുന്ന രേഖകൾ<br>(4)വ്യക്തിഗത കർഷകർക്ക് വളം വിതരണം ചെയ്തതിന്റെ രേഖകൾ .<br>(5)മോണിറ്ററിംഗ് റിപ്പോർട്ട് |
| | **ആകെ** | | **743600** | |

മേൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 5.7.17 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കൃഷി ഓഫീസർ മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ, മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി ഈയിനത്തിലെ 743600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പശു വളർത്തൽ പദ്ധതി -അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. പശു വളർത്തൽ (ജനറൽ SO 224/17 )

| | |
|---|---|
| വികസന ഫണ്ട് | 225000 |
| ബാങ്ക് വായ്പ | 375000 |
| ആകെ | 600000 |
| ചെലവ് | 225000/- |
| ട്രഷറി ബിൽ നമ്പർ | 1/16-3-2017 -120000/-രൂപ |
| -ടി- | 5/28-3-2017 – 105000/- രൂപ |

2. പശു വളർത്തൽ (എസ്.സി.പി)

| | |
|---|---|
| വികസന ഫണ്ട് | 380000/- |
| ബാങ്ക് വായ്പ | 380000/- |
| ആകെ | 760000 |
| ചെലവ് | 220000/- |
| ട്രഷറി ബിൽ നമ്പർ | 3/16-3-2017-120000/- രൂപ |
| -ടി- | 6/28-3-2017 – 100000/- രൂപ |

സബ്സിഡി തുകക്ക് പുറമെ ബാങ്കിൽ നിന്നും ലോൺ ലഭ്യമാക്കി പശു വാങ്ങുന്നതാണ് പദ്ധതി. പട്ടാമ്പി സർവീസ് സഹകരണ ബാങ്കിന്റെ നമ്പറും തിയതിയുമില്ലാത്ത കത്തിൽ 24 ഗുണഭോക്താക്കൾക്ക് വായ്പ നൽകാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അതിൽ 9 ഗുണഭോക്താക്കൾക്ക് ബാദ്ധ്യത തീർത്താൽ മാത്രം ലോൺ നൽകാമെന്നും പറഞ്ഞിട്ടുണ്ട്. ഈ പദ്ധതിക്ക് വേണ്ടി 26 വ്യക്തിഗതഗുണഭോക്താക്കളുടെ സബ്സിഡി തുകയായ 445000/- രൂപ വെറ്ററിനറി സർജൻ പട്ടാമ്പി സർവീസ് സഹകരണ ബാങ്കിന്റെ ഐ.ഡി.ബി.ഐ ബാങ്കിലുള്ള കറന്റ് അക്കൗണ്ടായ 149110200000550 ൽ നിക്ഷേപിച്ചിട്ടുണ്ട്.

1.1) ബാങ്കുമായുള്ള കരാർ ലഭ്യമാക്കിയിട്ടില്ല.

1.2) ബാങ്ക് ഗുണഭോക്താക്കൾക്കെല്ലാവർക്കും ലോൺ നൽകിയെന്നത് ഉറപ്പ് വരുത്തിയിട്ടില്ല. ലോൺ ഉറപ്പ് വരുത്തിയിട്ട് മാത്രമേ പദ്ധതി നടപ്പാക്കാവൂ എന്ന നിബന്ധന പാലിച്ചിട്ടില്ല.

സബ്സിഡി നല്കിയ എത്ര ഗുണഭോക്താക്കൾക്ക് ലോൺ നൽകിയെന്നുള്ള വിവരവും ലഭ്യമല്ല. ഗുണഭോക്താക്കൾക്ക് നൽകാതെ ബാങ്കിൽ നിലവിൽ സൂക്ഷിച്ചിട്ടുള്ള പണം പലിശ സഹിതം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേക്ഷണത്തിന് (6/10-7-2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

2) വെറ്ററിനറി സർജൻ ബാങ്കിന് നൽകിയ കത്തിൽ 26 ഗുണഭോക്താക്കൾക്ക് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും 24 ഗുണഭോക്താക്കൾക്ക് നൽകാമെന്നാണ് ബാങ്ക് അറിയിച്ചിട്ടുള്ളത്.

3) പദ്ധതികൾ മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.
4) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടു വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
മുകളിൽ പറഞ്ഞ അപാകതകൾ കാരണം ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവു വിളക്ക് റിപ്പയർ പദ്ധതി - അപാകതകൾ

I. തെരുവു വിളക്ക് റിപ്പയർ പദ്ധതി (76/2017 ചെലവ് 50000/- പേമന്റ് വൗച്ചർ 21601085/31-3-2017) പ്രകാരം തെരുവു വിളക്കുകളുടെ റിപ്പയറിനായി ഉഷ ഇലക്ട്രോണിക്സിന് എ.എം.സി.യുടെ ഒന്നാം ഗഡുവായി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. തെരുവു വിളക്കുകളുടെ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. ഫയൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
3. ഉഷ ഇലക്ട്രോണിക്സുമായി കരാർ വെച്ചതിൻ പ്രകാരം ഒരു വർഷത്തെ വാറന്റി പറഞ്ഞിട്ടുണ്ടെങ്കിലും ഏതു വിളക്ക് ,ഇനം, എന്നിവ തെളിയിക്കുന്ന (പോസ്റ്റ് നമ്പർ സഹിതം) രേഖകൾ ഹാജരാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾ കാരണം ചെലവഴിച്ച തുകകൾ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

II.തെരുവു വിളക്കുകളുടെ അറ്റകുറ്റപണി (പദ്ധതി നമ്പർ -201/17 പേമന്റ് വൗച്ചർ 21600618/2-12-2017 തുക 33465, 21600618 തിയതി 29-11-2016

തുക – 66535/- ആകെ - 100000/-രൂപ)

2.1) ഫയൽ ഹാജരാക്കിയിട്ടില്ല.

2.2) ചെലവ് ചെയ്തതിന്റെ രേഖകളില്ല.

മുകളിൽ പറഞ്ഞ അപാകതകൾ കാരണം ചെലവഴിച്ച തുക 150000/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.11/10-7-17 കാണുക)

## 3-6 തൊഴിലുറപ്പ് പദ്ധതി - 11/2016 മുതലുള്ള തൊഴിൽകൂലി നൽകിയില്ല

തൊഴിലുറപ്പ് പദ്ധതി ആക്ട് സെക്ഷൻ 3 (3), തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.02.15.ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14, തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓ◌ാരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016 നവംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത 191 പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 6650609/രൂപ തൊഴിലാളികൾക്ക് നല്കുവാൻ കുടിശ്ശികയുണ്ട്. ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| തോടുകളുടെ പുനരുദ്ധാരണം | 3251476 |
| കിണർ നിർമ്മാണം | 1348554 |
| ജലസേചനം | 3251476 |
| പരമ്പരാഗത ജലസ്രോതസ്സുക ളുടെ സംരക്ഷണം | 986500 |
| ഭൂവികസനം | 413042 |
| IAYഭവനനിർമ്മാണം | 362400 |
| റോഡ് നിർമ്മാണം | 288637 |
| ആകെ | 6650609 |

കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാലാണ് തുക നൽകുവാൻ കഴിയാത്തത് എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചത്. കുടിശ്ശിക വേതനം തൊഴിലാളികൾക്ക് ലഭ്യമാക്കുവാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി -മരുന്ന് ലഭ്യമാക്കിയിട്ടില്ല

ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി നമ്പർ 66/2017

ചെലവ് – 100000/- പേമന്റ് വൗച്ചർ 21600929/10-3-2017

കേരള സംസ്ഥാന ഹോമിയോപതിക് സഹകരണ ഫാർമസി, ആലപ്പുഴയിൽ നിന്നും ടാക്സ് ഇൻവോയിസ് നമ്പർ PF -977 തിയതി 5-10-2017 പ്രകാരം 100000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ സ്ഥാപനം മരുന്ന് ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തിയിലെ അപാകതകൾ താഴെ പറയുന്നു

1.1) മരുന്ന് ലഭ്യമല്ലായെന്ന ഡി.എം.-യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1.2) സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മരുന്ന് അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 അംഗൻവാടി പൂരക പോഷകാഹാരം- കേന്ദ്ര ഫണ്ട് പൂർണ്ണമായി വിനിയോഗിക്കുന്നില്ല

2016-17 വർഷത്തിൽ പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 821467 രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. പഞ്ചായത്ത് സമർപ്പിച്ച രേഖകളുടെ പരിശോധനയിൽ, ഈയിനത്തിൽ 2008-09 മുതൽ തുക അവശേഷിക്കുന്നതായി കാണുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബാലൻസ് തുക |
|---|---|
| 2013-14 | 648069 |
| 2014-15 | 325911 |
| 2015-16 | 460459 |
| 2016-17 | 821467 |

സർക്കുലർ നമ്പർ 39033/ഡി.സി.2/ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഈയിനങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ ടി തുക നാളിതുവരെ വിനിയോഗിക്കുന്നതിന് പ്രൊജക്റ്റുകൾ തയ്യാറാക്കപ്പെട്ടിട്ടില്ല.

ആയതിനാൽ മേൽ പറഞ്ഞ തുക സർക്കുലറിൽ നിർദ്ദേശിച്ച ആവശ്യങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കുവാനുള്ള ഊർജിത ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്.

## 3-9 തെരുവു വിളക്കുകൾ സംയുക്തപരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ താഴെ പറയുന്ന തെരുവു വിളക്കുകളുണ്ട്.

| ക്ര.നമ്പർ | ഇനം | എണ്ണം/ താരീഫ് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ട്യൂബ് ലൈറ്റ് / 2*40w | 26*124 | 3224 |
| 2 | സോഡിയം വേപ്പർ ലാമ്പ്/250w | 58*414 | 24012 |
| 3 | സാധാരണ ബൾബ് | 71*155 | 11005 |
| 4 | സി.എഫ്.എൽ 22 wats | 310*14 | 4340 |
| | | ആകെ | 42581 |

പ്രതിമാസം 42581 രൂപ വെച്ച് പ്രതിവർഷം 510972 രൂപ വൈദ്യുതി ചാർജിനത്തിൽ വൈദ്യുതി ബോർഡിൽ അടയ്ക്കുന്നുണ്ട്.
തെരുവ് വിളക്കുകളുടെ എണ്ണം കെ.എസ്.ഇ.ബി-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി എണ്ണം കാലികമാക്കി തെരുവു വിളക്ക് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്. കൂടാതെ വാട്ടേജ് കൂടിയ തെരുവു വിളക്കുകൾ ഒഴിവാക്കി വാട്ടേജ് കുറഞ്ഞ വിളക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നൽകുന്ന സേവനത്തിന് സേവനനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വാട്ടേജ് കൂടിയ സാധാരണ ബൾബുകൾ ഒഴിവാക്കേണ്ടതാണ്.

## 3-10 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ -അപാകതകൾ

1. റോഡ് വീതി കൂട്ടാൻ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ പദ്ധതി നമ്പർ 113/17
   അടങ്കൽ – 200000/-
   ചെലവ്- 200000/-പേമന്റ് വൗച്ചർ - 21601079/l31-3-2017 തുക 100000/-
   21601080/31-3-2017 തുക 100000/-

പ്രകാരം 200000/- രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്.ഈ പ്രവൃത്തിയിലെ അപാകതകൾ താഴെ പറയുന്നു .

1.1) കെ.എസ്.ഇ.ബി-യുമായി കരാർ ചമച്ചിട്ടില്ല.

1.2) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
1.3)ഏക വർഷ പദ്ധതിയായതിനാലും 31-3-2017 നകം പൂർത്തിയാക്കാത്തതിനാൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-11 ജീവനക്കാരൻ കൈപ്പറ്റിയ ഓണം മുൻകൂർ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്കായി ജോലി നോക്കിയിരുന്ന ശ്രീ.എം.വിനോദ്കുമാർ 2015-16 ൽ ഓണം അഡ്വാൻസായി കൈപ്പറ്റിയ 15000/- രൂപയിൽ 6000/- രൂപ നാളിതുവരെയും തിരികെ ഈടാക്കിയിട്ടില്ല. നിലവിൽ പോലീസ് വകുപ്പിൽ ജോലി ചെയ്യുന്ന ടി ജീവനക്കാരനിൽ നിന്ന് പ്രസ്തുത വകുപ്പ് തുക ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് സർക്കാർ ട്രഷറിയിൽ അടവാക്കിയതായിട്ടാണ് അറിയിച്ചിരിക്കുന്നത്.

ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മേപ്പടി തുക ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ച് ആയത് ഈടാക്കിയ ശേഷം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-12 കുടുംബശ്രീയുടെ നിഷ്ക്രിയ നിക്ഷേപങ്ങൾ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്

കുടുംബശ്രീയുടെ എസ്.ബി.ഐ മുതുതല ബ്രാഞ്ചിലെ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടുകളായ 1057828233, 34690110956 എന്നിവയിലും സർവീസ് സഹകരണ ബാങ്കിലെ 309741 ലും യഥാക്രമം താഴെ പറയുന്ന തുകകൾ മൃതനിക്ഷേപങ്ങളായിട്ടുണ്ട്. ആയത് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | എസ്.സി.എ. | 68936 |
| 2 | ജില്ലാ പഞ്ചായത്ത് വിഹിതം | 175000 |
| 3 | പഞ്ചായത്ത് പ്ലാൻ | 150813 |
| | ആകെ | 394749 |

## 3-13 അംഗൻവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് സാക്ഷ്യ പത്രം ലഭ്യമാക്കണം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കരുത് എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പേടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷ സംവിധാനങ്ങൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ അങ്കണവാടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ 2016-17 വർഷത്തിൽ നടത്തിയിട്ടില്ല. 2017-ലും നാളിതുവരെ പരിശോധന നടത്തി സാക്ഷ്യപത്രം വാങ്ങിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിക്കേണ്ടതും കെട്ടിടങ്ങളുടെ സാങ്കേതിക പരിശോധന നടത്തി ഫിറ്റ്നസ്സ് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-14 അംഗൻവാടി പോഷകാഹാരം- ലാബ് റിപ്പോർട്ട് ലഭ്യമല്ല

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഒ ാരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഒ ാരോ കുടുംബശ്രി യൂണിറ്റിൽ നിന്നും ഒ ാരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും എ ൈ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം നിശ്ചിത സമയ പരിധിയിൽ പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2016-17 | 265010 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>380190 (ജില്ലാ പഞ്ചായത്ത് വിഹിതം) ആകെ-645200 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രോജ.നം.253/17) | 200000 | 445200 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ഉദ്ദേശം | ഉത്തരവ് | വായ്പ ത്തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനവായ്പ | സ.ഉ (സാധാ) നം. 1032/2010 തസ്വഭവ തിയതി 25.3.10 | 1413500 | തൻവർഷം തുകയൊന്നും അടവാക്കിയിട്ടില്ല | --- | 424050 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 91349 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 91349 |
| പലിശ | 28090 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 119439 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, തിയതി |
|---|---|---|
| പട്ടാമ്പി സർവ്വീസ്, സഹകരണ ബാങ്ക്, മുതുതല ബ്രാഞ്ച് | 119439 | 8337/28.4.16 |

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത്/ചലാൻ നം. തിയ്യതി |
|---|---|---|---|---|
| 2009-10 | 3(4) | 4774 | പി.സി.സോമസുന്ദരൻ, അസി.എഞ്ചിനീയർ | 11610100115/ldt..8.4.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00<br>27-<br>എ,ബി, | 2003-04<br>3.9.4 | മരാമത്ത് ടെന്ററർ - | ഖണ്ഡിക തീർപ്പാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| സി, ഡി | | അധിക തുക നൽകിയത് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34809347 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29931726 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1514040 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഒന്നുമില്ല

(സി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 175440 | ശ്രീമതി.കെ.രാധ, ICDS സൂപ്പർവൈസർ |
| 3-3 | 743600 | ശ്രീ.രാഹുൽ കൃഷ്ണൻ, കൃഷി ഓഫീസർ |
| 3-4 | 445000 | ഡോ.പി.ഷൈജു, വെറ്ററിനറി സർജൻ |
| 3-5 | 1,50,000 | ശ്രീ.കെ.എ.അബൂബക്കർ, സെക്രട്ടറി |

(ഇ) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | 21-11-2014 | 8 |
| 1997-98 | 11-12-2001 | 3 |
| 1998-99 | 13-11-2015 | 7 |
| 1999-00 | 12-1-2012 | 4 |

| | | |
|---|---|---|
| 2000-01 | 10-8-2007 | 2 |
| 2001-02 | 3-12-2009 | 1 |
| 2002-03 | 28-12-2010 | 7 |
| 2003-04 | 15-3-2016 | 5 |
| 2004-05 | 18-9-2015 | 12 |
| 2005-06 | 10-12-2010 | 19 |
| 2006-07 | 2-3-2013 | 13 |
| 2007-08 | 2-3-2013 | 13 |
| 2008-09 | 28-9-2016 | 11 |
| 2009-10 & 2010-11 | 28-4-2016 | 7 |
| 2011-12 | 8-3-2016 | 1 |
| 2012-13 | 22-4-2016 | 5 |
| 2013-14 & 2014-15 | 31-7-2016 | 12 |
| 2015-16 | No.KSA-PKD-13/2251/16 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

1

# അനുബന്ധം

നം.കെ.എസ്.എ-പികെഡി13/1421/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 11.09.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമ പഞ്ചായത്തിന്റെ 31.3.17 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുതുതല ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ 2016-2017 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടിഡയറക്ടർ**

## ന്യൂനതാ സംഗ്രഹം -വാർഷിക ധനകാര്യപത്രിക – 2016-17

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

**ഡെപ്യൂട്ടി ഡയറക്ടർ**

No.KSA-PKD13/1461/2017

Kerala State Audit Department
District Audit Office
Palakkad
Dated – 11.09.2017

## ***CERTIFICATE***

Certified that I have examined the Annual Financial Statement of **MUTHUTHALA GRAMA PANCHAYATH** for the year ended 31.03.17 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994, the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of **MUTHUTHALA GRAMA PANCHAYATH** prepared for the year 2016-2017 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

**Deputy Director**

**Abstract of defects-A.F.S 2016-17**

1. The shedule B-11 in the balance sheet in connection with the value of Assets is not Up-dated.

Deputy Director